## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല - കല്ലറ ഗ്രാമപഞ്ചായത്ത് 2003-04 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഖണ്ഡിക 3.4(2), 3.4(3) - ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.63/12/തസ്വഭവ. തിരുവനന്തപുരം, തീയതി: 07/01/2013

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 06/08/2012-ലെ എം4-31366/11-ാം നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 12/10/2012-ലെ LF-17195 /P.T1/12-ാം നമ്പർ കത്ത്.

## <u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിൽ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2003-04 വർഷത്തെ ഓഡിറ്റിൽ ഖണ്ഡിക 3.4(2), 3.4(3) പ്രകാരം തെരുവു വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ പിഴപ്പലിശയായി നൽകിയ 4,475/- രൂപ (നാലായിരത്തി നാനൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) നിരാകരിച്ചിരുന്നു.

കറന്റ് ചാർജ്ജ് ഒടുക്കുവാൻ ആവശ്യമായ തനത് ഫണ്ട് ഇല്ലാതിരുന്നതിനാലാണ് കാലതാമസം നേരിട്ടതെന്നും ആയതിനാൽ വൈദ്യുതി ചാർജ്ജിന്റെ പിഴപ്പലിശയിനത്തിൽ ഒടുക്കിയ 4,475/- രൂപ സാധൂകരിച്ച് നൽകണമെന്ന കല്ലറ ഗ്രാമപഞ്ചായത്തിന്റെ 22/04/2008-ലെ 6(5) -ാം നമ്പർ തീരുമാനം ഉൾപ്പെടെ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ പരാമർശം രണ്ട് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4(2), 3.4(3) പ്രകാരം അടച്ച വൈദ്യുതി ചാർജിൽ ഉൾപ്പെട്ട പിഴപ്പലിശയായ 4,475/- രൂപയുടെ

PTO

നിരാകരണം ഒഴിവാക്കുന്നതിന് ശുപാർശ ചെയ്ത് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിക്ക് നൽകിയ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ടി തുകയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച വസ്തുകളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2003-04 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4(2), 3.4(3) എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ വൈദ്യുതി ചാർജ്ജിനത്തിൽ പിഴപ്പലിശയായി അടച്ച 4,475/- രൂപയുടെ (നാലായിരത്തി നാനൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. ജയശ്രീ,

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കല്ലറ ഗ്രാമ പഞ്ചായത്ത്

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ